**പതിമൂന്നാം കേരള നിയമസഭ ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3762**
**25.06.2013 ലെ മറുപടിക്ക്**

**<u>പുതിയ പി.ഡബ്ല്യൂ.ഡി നിരക്ക് നൽകുന്നതിന് പൊതുഉത്തരവ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.റ്റി.എ.റഹീം എം.എൽ.എ** | **ശ്രീ.കെ.എം.മാണി**<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിൽ പഴയ പി.ഡബ്ല്യൂ.ഡി നിരക്കിൽ ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എഗ്രിമെന്റ് വെച്ചിട്ടില്ലാത്തവയ്ക്ക് പുതിയ പി.ഡബ്ല്യൂ.ഡി നിരക്ക് നൽകുന്നതിന് ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ച് പ്രവൃത്തി ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? | നിലവിലുള്ള ഷെഡ്യൂൾഓഫ് റേറ്റ് (Current SoR) പ്രകാരമായിരിക്കണം ആസ്തി വികസന ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എന്ന് ഫണ്ട് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ജി.ഒ. പി) നം.332/12/ധന തീയതി 11.06.2012). പൊതുമരാമത്ത് വർക്കുകൾക്ക് ബാധകമായ നടപടിക്രമം ആസ്തിവികസന ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികൾക്കും ബാധകമാണ്.<br>ആസ്തി വികസന ഫണ്ടിൻ കീഴിൽ പഴയ പി.ഡബ്ല്യൂ.ഡി നിരക്കിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ ഇതു വരെ ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതിയ SoR-ന്റെ അടിസ്ഥാനത്തിൽ പുതുക്കാനും അതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി തേടാനും അനുവദിച്ച കൊണ്ട് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**